**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4220** **06-03-2023 - ൽ മറുപടിയ്ക്ക്**

**കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കുറ്റ്യാടി നിയോജക മണ്ഡലത്തിലെ കുട്ടോത്ത്-അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | 10.07.2017-ലെ GO (Rt) No. 942/2017/PWD ഉത്തരവ് പ്രകാരം തത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള കുറ്റ്യാടി നിയോജക മണ്ഡലത്തിലെ കുട്ടോത്ത് - അട്ടകുണ്ട് കടവ് റോഡ് പ്രവൃത്തിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനായി 01.10.2020-ലെ PWD015-96/APR-2/2020/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 10 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിനുള്ള നടപടികൾ പുരോഗമിക്കവെ, ഗുരുതരമായി തകർന്ന റോഡ് അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കുന്നതിനായി 18.11.2021-ലെ PWD015-96/APR-2/2020/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 2.699 കോടി രൂപയുടെ ധനാനുമതിയും കിഫ്ബി നൽകിയിരുന്നു. അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | ടി പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് KRFB പ്രൊജക്റ്റ് ഡയറക്ടർ 28.12.2022-ന് 16.10 ലക്ഷം രൂപയുടെ ഭാഗികമായ സാങ്കേതികാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ KRFB-PMU കോഴിക്കോട് ഡിവിഷൻ ടി പ്രവൃത്തി ടെണ്ടർ ചെയ്തു. നിലവിൽ പ്രവൃത്തി പുരോഗമിച്ചു വരികയാണ്.<br><br>അതിർത്തി കല്ലുകൾ സ്ഥാപിച്ച് കഴിഞ്ഞാലുടൻ ടി പദ്ധതിയ്ക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾക്കായി റവന്യൂ വിഭാഗത്തിന് കൈമാറുന്നതാണെന്ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ